# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1541**

**15.02.2016 - ൽ**
**മറുപടിക്ക്**

## നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ

**ചോദ്യം**

**ശ്രീ.കെ.എസ്.ശബരീനാഥൻ**
**ശ്രീ.വി.പി.സജീന്ദ്രൻ**
**ശ്രീ.എം.എ. വാഹീദ്**
**ശ്രീ.അൻവർ സാദത്ത്**

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) ഈ സർക്കാരിന്റെ കാലത്ത് നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ; | എ) ഈ സർക്കാരിന്റെ കാലത്ത് കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീര ഉല്പാദന പൈലറ്റ് കേന്ദ്രം ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | ബി) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽ നിന്നും നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺ സ്ട്രേഷനും പരിശീലനത്തിനുമായി ലക്ഷ്യമിട്ടുകൊണ്ടാണ് പൈലറ്റ് പ്രോജക്ട് സ്ഥാപിച്ചിട്ടുള്ളത്. |
| സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ? | സി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ നീലേശ്വരം കേന്ദ്രമാക്കി പടന്നക്കാട് കാർഷിക കോളേജിൽ നീര ഉൽപാദന യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്റ്റിന്റെ ചിലവിനായി ആകെ 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീരയുടെ വിപണനച്ചുമതല നാളികേര വികസന കോർപ്പറേഷനാണ്. തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിൽ സ്ഥാപിച്ചിട്ടുള്ള വെന്റിംഗ് മെഷീൻ മുഖേനയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വില്പന കേന്ദ്രങ്ങളിലൂടെയും നാളികേര വികസന കോർപ്പറേഷൻ നീര വിപണനം നടത്തി വരുന്നു. ഇതിനു പുറമേ കാർഷിക സർവ്വകലാശാലയുടെ ഔട്ട് ലെറ്റുകളിലൂടെയും നീരയും കേരചക്കരയും കേരജാമും വിപണനം ചെയ്യുന്നുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി നീര ഉല്പാദനവുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികളും സംഘടിപ്പിച്ചതായി കേരള കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**